## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2508 07.10.2016-ൽ മറുപടിയ്ക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് സർക്കാർ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ; | (എ) | നിലവിലെ പദ്ധതി ആസൂത്രണ മാനദണ്ഡങ്ങളുടെയും 22.06.2016 മുതലുള്ള സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ച, അടിസ്ഥാന സൗകര്യവികസനം, മാനവ വികസനം, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം, സാമൂഹിക നീതി, ആസ്തിപരിപാലനം, സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക തുടങ്ങിയവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 20% തുക ഉല്പാദന മേഖലയ്ക്കും, 10% തുക മാലിന്യ സംസ്കരണത്തിനും, 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായും 5% തുക വികലാംഗർക്കായും കുട്ടികൾ ക്കായും വകയിരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ.ഉ (സാധാ) നം.2235/2016/ തസ്വഭവ തീയതി 25.07.2016 പ്രകാരം കാർഷിക മേഖല, ശുചിത്വം എന്നീ മേഖലകളിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും, ഓപ്പൺ ഡെഫക്കേഷൻ ഫ്രീ ക്യാപയിന്റെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിനും |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകി വരുന്ന വിവിധതരം ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഉയർത്തിയതിലൂടെ കൂടുതൽ പേർക്ക് പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. പഞ്ചായത്തുകളുടെ ശാക്തീകരണത്തിനായി സാംഖ്യ സുലേഖ, സകർമ്മ, സചിത്ര, സ്ഥാപന തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങളും ഇ-ടെണ്ടറിംഗ് എന്നീ സംവിധാനങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പണം ചെലവഴിക്കുന്നതിന് മുൻഗണനാ മേഖലകളായ കൃഷി, മൃഗസംരക്ഷണം, ജലവിഭവം തുടങ്ങിയ മേഖലകൾക്ക് എത്ര ശതമാനം തുക ചിലവാക്കാമെന്നാണ് നിലവിലുള്ള മാനദണ്ഡം; ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 2016-17 വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്ക് മുൻഗണന നൽകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 30.06.2016-ലെ സ.ഉ (സാധാ) നം.2037/2016/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 20% തുക ഉല്പാദന മേഖലയ്ക്കും, 10% തുക മാലിന്യ സംസ്കരണത്തിനും വകയിരുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | തനത് ഫണ്ട് തീരെ കുറഞ്ഞ കൃഷി മാത്രം അടിസ്ഥാനമാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഇല്ല. |

(അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്)

Saradadevi

സെക്ഷൻ ഓഫീസർ.